LIBRARY ARCHIVES Kerala Legislative Assembly

സെപ്തംബറിൽ നടന്ന പട്ടയമേളയിൽ 174 പട്ടയം വിതരണം ചെയ്തു. ബാക്കി നൽകാനുള്ള പട്ടയം ഉടൻ നൽകുന്നതാണ്. കൊല്ലമുള്ള വില്ലേജിലെ പമ്പാവാലി പ്രദേശത്തെ പട്ടയം ലഭിക്കുവാനുണ്ടായിരുന്ന 290 കൈവശങ്ങളിൽ 207 കൈവശക്കാർക്ക് 2015 സെപ്തംബറിൽ നടത്തിയ പട്ടയമേളയിൽ പട്ടയം വിതരണം ചെയ്തു. ബാക്കി വിതരണം ചെയ്യാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അത്തിക്കയം വില്ലേജിലെ മടന്തമൺ 46 ഏക്കറിലെ നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അരയാഞ്ഞിലിമണ്ണ്, തെക്കേതൊടി, ഇടമുറി, തോമ്പിക്കണ്ടം എന്നീ പ്രദേശത്ത് പട്ടയം ലഭിക്കാനുള്ള കൈവശങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല. ടി സ്ഥലങ്ങൾ സർവ്വേ ചെയ്ത് തിട്ടപ്പെടുത്തി റെക്കാർഡുകൾ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

1961-ലെ വനനിയമം

172(3052) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ 1961-ലെ വനനിയമപ്രകാരം ഏതൊക്കെ പ്രദേശങ്ങൾ വനമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്; പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയിൽ പട്ടയവുമായി ബന്ധപ്പെട്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തുകയും പ്രസ്തുത സ്ഥലം സബ്ഡിവിഷൻ ചെയ്യുകയും അങ്ങിനെയുള്ള ഒരേ പ്രദേശത്ത് പട്ടയം ലഭിച്ചിട്ടുള്ളതും ലഭിച്ചിട്ടില്ലാത്തതുമായ പ്രദേശങ്ങൾ അടുത്തടുത്ത സബ് ഡിവിഷൻ നമ്പരായി നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആ സ്ഥലങ്ങൾ ഏതൊക്കെ; അവ ജില്ല, താലൂക്ക്, വില്ലേജ് ക്രമത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കോതമംഗലം, മൂവാറ്റുപുഴ, കുന്നത്തുനാട്, ആലുവ താലൂക്കുകളിലെ വിവിധ പ്രദേശങ്ങൾ വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പാലക്കാട് ഫോറസ്റ്റ് ഡിവിഷനു കീഴിൽ ചേനാത്ത് നായർ, ധോണി, വാളയാർ എന്നീ റിസർവ് വനപ്രദേശങ്ങൾ 1961-ലെ വനനിയമം നടപ്പിലാക്കുന്നതിന് മുമ്പ് നോട്ടിഫൈ ചെയ്തതാണെങ്കിലും 1961-ലെ വന നിയമം ബാധകമായിട്ടുള്ളതാണ്. മലപ്പുറം ജില്ലയിൽ നിലമ്പൂർ ഡിവിഷന്റെ പരിധിയിൽ വരുന്ന ചുവടെ സൂചിപ്പിക്കുന്ന സ്ഥലങ്ങൾ 1961-ലെ വന നിയമപ്രകാരം റിസർവ് ചെയ്തിട്ടുണ്ട്.

പൊക്കോട്	291.44 (ഹെ.)
വെള്ളച്ചിപ്പാലി, എടക്കോട്, വല്ലൂർ, ഏലഞ്ചേരി, മുതലമണ്ണ	1894.88
അരിമ്പ്രക്കുത്ത്	130.21
ചാലിയപ്പുറം	3.60
പനയങ്കോട്	343.88
വള്ളുവശ്ശേരി	371.36
ഏറമ്പാടം	226.41
അരുവാക്കോട് ആരവല്ലീക്കാവ്	99.63
കാനക്കുത്ത്	253.18
ചാത്തംപുറായ്	294.34
കരിയംമുരിയം	1121.45
നെല്ലിക്കുത്ത്	808.98

(ബി) വിവരം ശേഖരിച്ചുവരുന്നു.

അമ്പലപ്പുഴ കടൽക്ഷോഭത്തിൽപ്പെട്ടവരുടെ പുനരധിവാസം

173(3054) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ കടൽക്ഷോഭത്തിൽപ്പെട്ട് വീടും സ്ഥലവും നഷ്ടപ്പെട്ട കരിനില വികസന ഏജൻസി, പുറക്കാട്, പുറക്കാട് പഴയ പഞ്ചായത്ത് ഓഫീസ്, വണ്ടാനം ശിശുവിഹാർ എന്നിവിടങ്ങളിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ റെയിൽവേ പുറമ്പോക്കിൽ ടെന്റ് കെട്ടിയും വാടക വീടുകളിലും ബന്ധുവീടുകളിലും കഴിയുന്നു;

(സി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ക്യാമ്പുകളിലും ടെന്റുകളിലും വാടക വീടുകളിലും ബന്ധുവീടുകളിലും കഴിയുന്ന ഇവർക്ക് സൗജന്യ റേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly